# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2050 - 16/08/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായവരെ സഹായിക്കുവാൻ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ടി.ബൽറാം
ശ്രീ. എൽദോസ്. പി. കുന്നപ്പിള്ളിൽ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായവരെ സഹായിക്കുവാൻ പ്രഖ്യാപിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 16.05.2017-ന് സ.ഉ.(പി) 65/2017/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 12.07.2017 -ന് സ.ഉ.(പി) 89/2017/ധന. നമ്പർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിമൂലം എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും എത്ര കോടി രൂപ സർക്കാരിന് ഇതുമൂലം ബാധ്യതയുണ്ടായിയെന്നും വെളിപ്പെടുത്തുമോ; | പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന തിനുവേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 04.08.2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2017 ആണ്. ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കായി അനുവദിക്കപ്പെടേണ്ട സർക്കാർ വിഹിതം കണക്കാക്കിയ ശേഷം ആവശ്യാനുസരണം തുക അനുവദിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ